**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4971** **14-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് കെട്ടിടങ്ങളുടെ നിർമ്മാണം വേഗതയിലാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് കെട്ടിടങ്ങളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാനായി സർക്കാർ ഏർപ്പെടുത്തിയ സംയുക്ത(കോമ്പോസിറ്റ്) ടെൻഡർ നടപടിയുടെ ഭാഗമായി സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ വേർതിരിച്ച് വെവ്വേറെയായി ടെൻഡർ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ഏർപ്പെടുത്തിയ കോമ്പോസിറ്റ് ടെണ്ടർ നടപടി പ്രകാരം സിവിൽ പ്രവൃത്തികളും ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള അനുബന്ധ പ്രവൃത്തികളും ഒന്നിച്ച് ടെണ്ടർ ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്.** |
| (ബി) | സംയുക്ത ടെൻഡർ നടപടിയിൽ സിവിൽ കരാറുകാർക്കൊപ്പം ഇലക്ട്രിക്കൽ കരാറുകാർക്കും പങ്കെടുക്കുന്നതിന് സാധിക്കുമോ; ഇലക്ട്രിക്കൽ വർക്കുകൾക്ക് പ്രാധാന്യം ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തികളുടെ ടെൻഡർ നടപടി ക്രമം എങ്ങനെയായിരിക്കുമെന്ന് വിശദീകരിക്കാമോ; | (ബി) | സംയുക്ത ടെണ്ടർ നടപടിയിൽ സിവിൽ കരാറുകാർക്കൊപ്പം ഇലക്ട്രിക്കൽ കരാറുകാരനും പങ്കെടുക്കുന്നതിന് സാധിക്കും. ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് തുടങ്ങിയ ഇലക്ട്രിക്ക് വർക്കുകൾക്ക് പ്രാധാന്യമുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ SBD ഇലക്ട്രിക്/ സിവിൽ കോൺട്രാക്ടർമാർക്ക് പരസ്പരം MOU വച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് SBD പെർമിറ്റ് ചെയ്യുന്നതാണ്.<br><br>സർക്കാർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ/ സിവിൽ കോൺട്രാക്ടർമാർക്ക് പരസ്പരം MOU വച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് SBD പെർമിറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ തൊഴിൽ നഷ്ടമാകുന്നില്ല. |
| (സി) | സംയുക്ത ടെൻഡർ നടപടി ക്രമത്തിൽ ഇലക്ട്രിക്കൽ കരാറുകാർക്ക് തൊഴിൽ നഷ്ടമാകുന്നു എന്ന പരാതി പരിഹരിക്കുന്നതിനായി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സംയുക്ത ടെണ്ടർ നടപടിയിൽ സിവിൽ കരാറുകാർക്കൊപ്പം ഇലക്ട്രിക്കൽ കരാറുകാരനും പങ്കെടുക്കുന്നതിന് സാധിക്കും. ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് തുടങ്ങിയ ഇലക്ട്രിക്ക് വർക്കുകൾക്ക് പ്രാധാന്യമുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ SBD ഇലക്ട്രിക്/ സിവിൽ കോൺട്രാക്ടർമാർക്ക് പരസ്പരം MOU വച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് SBD പെർമിറ്റ് ചെയ്യുന്നതാണ്.<br><br>സർക്കാർ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ/ സിവിൽ കോൺട്രാക്ടർമാർക്ക് പരസ്പരം MOU വച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് SBD പെർമിറ്റ് ചെയ്തിട്ടുണ്ട്. ആയതിനാൽ തൊഴിൽ നഷ്ടമാകുന്നില്ല. |

സെക്ഷൻ ഓഫീസർ